LIBRARY ARCHIVES Kerala Legislative Assembly

അഴീക്കൽ ഫിഷിംഗ് ഹാർബറിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ നടപടി

83 [1886] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിലെ മണ്ണുമാന്തലും മറ്റ് അറ്റകുറ്റപ്പണികളും പൂർത്തിയാക്കാൻ സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ജോലി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) അഴീക്കൽ മത്സ്യബന്ധന തുറമുഖം ആഴം കൂട്ടുന്നതിനായി 14.25 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

കേന്ദ്ര മത്സ്യഗവേഷണ കേന്ദ്രം

84 [1887] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കേന്ദ്ര മത്സ്യഗവേഷണകേന്ദ്രം അടച്ചുപൂട്ടിയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥാപനം നിലനിർത്തണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ;

(ഡി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മത്സ്യഗവേഷണമേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്;

(ഇ) ഗവേഷണകേന്ദ്രം നിർത്തലാക്കിയതിന്റെ ഫലമായി മലബാർ മേഖലയിലെ മത്സ്യ കയറ്റുമതിക്കാർക്ക് ഗുണമേന്മ സർട്ടിഫിക്കറ്റ് ലഭിക്കാൻ കൊച്ചിയിലെ സ്ഥാപനത്തെ ആശ്രയിക്കേണ്ട അവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗവേഷണകേന്ദ്രം അടച്ചുപൂട്ടിയിട്ടില്ല.

(ബി ആന്റ് സി) ബാധകമല്ല.